**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 540** **09-08-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി നേരിടാൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ ട്രഷറികളിൽ നിന്നും പിൻവലിക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; | (എ) | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ കാലങ്ങളായി നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. അതിന്റെ ഭാഗമായി വെയ്സ് ആന്റ് മീൻസ് പരിധി 10 ലക്ഷമായി നിശ്ചയിച്ചിട്ടുണ്ട്. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന് കടം എടുക്കാവുന്ന പരിധിയിൽ നിന്ന് കൊണ്ട് സാമ്പത്തിക വർഷം ശേഷിക്കുന്ന കാലയളവിലെ ചെലവുകൾ നേരിടാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി എപ്രകാരം നേരിടാൻ ആണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ നിലവിൽ നിശ്ചയിച്ച് നൽകിയിരിക്കുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ട് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് കമ്മിറ്റ്മെന്റ്സ് നിറവേറ്റുക അത്യന്തം ശ്രമകരമായ ദൗത്യമാണ്. തനത് വരുമാനം വർദ്ധിപ്പിച്ചും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിനെ നേരിടുവാനാണ് സർക്കാർ ശ്രമിച്ചു പോരുന്നത്. |
| (സി) | സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രത്യേക കേന്ദ്രസഹായം നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻ സാമ്പത്തിക വർഷത്തെ അധികകടമെടുപ്പ്, |

| | | | |
|---|---|---|---|
| | | | പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനു പുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br><br>ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/ എം.ധന കത്ത് പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രി 19-01-2023 ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനം ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിനു പുറമേ 12.07.2023-ൽ സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് അയച്ച കത്തിൽ ജി.എസ്.ടി നഷ്ടപരിഹാരം പുന:സ്ഥാപിക്കണമെന്നും സംസ്ഥാനത്തിന്റെ നിലവിലെ വായ്പാപരിധി 1% കൂടി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 2023-24 സാമ്പത്തിക വർഷത്തിൽ അവസാനിക്കുകയും ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് വീതിച്ചു നൽകുന്ന നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ കമ്മീഷനുകളെ അപേക്ഷിച്ച് കുറവുണ്ടാകുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കണമെന്നും പ്രസ്തുത കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാരിൽ നിന്നും ഇത് സംബന്ധിച്ച് മറുപടിയൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ